പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2086 | 06/02/2019 ൽ മറുപടി<br>നല്കേണ്ടത്. |

**അടിമാലി താലൂക്ക് ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | അടിമാലി താലൂക്ക് ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണ്; | എ) | അടിമാലി താലൂക്ക് ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ<br><table><tr><td>ക്രമനം</td><td>പദ്ധതികൾ</td><td>അനുവദിച്ച തുക</td></tr><tr><td>1</td><td>ദൈനംദിന ചിലവുകൾ</td><td>33,00,000 /-</td></tr><tr><td>2</td><td>ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നത്</td><td>4,42,760 /-</td></tr><tr><td>3</td><td>ഡയാലിസിസ്</td><td>23,12,000 /-</td></tr><tr><td>4</td><td>പാലിയേറ്റീവ് കെയർ</td><td>1,50,000 /-</td></tr></table> |
| ബി) | ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ; | ബി) | ദൈനംദിന ചെലവുകളിൽ 14,06,112/-രൂപ ചെലവഴിക്കുകയും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ SIDCO യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡയാലിസിസിനായി 8,31,052/- രൂപയും പാലിയേറ്റീവിനായി അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. |
| സി) | അടിമാലി താലൂക്ക് ആശുപത്രിയിൽ പണി കഴിപ്പിച്ചിട്ടുള്ള പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണ്; വ്യക്തമാക്കാമോ; ആയത് എന്നേയ്ക്ക് ഉദ്ഘാടനം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ? | സി) | അടിമാലി താലൂക്ക് ആശുപത്രിയിൽ പണി കഴിപ്പിച്ചിട്ടുള്ള പുതിയ കെട്ടിടത്തിന് ഇലക്ട്രിക്കൽ കണക്ഷൻ ലഭിച്ചതിനുശേഷം ഉദ്ഘാടനത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ